No.CEE/888/2019/3LLB-2019/TA2


കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001


# വിജ്ഞാപനം

# ത്രിവത്സര എൽഎൽ.ബി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം–2019

# രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ്

## ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്.

കേരളത്തിലെ 4 ഗവൺമെന്റ് ലോ കോളേജുകളിലേയും സംസ്ഥാന സർക്കാരുമായി സീറ്റ് പങ്കിടുന്ന സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2019–20 വർഷത്തെ ത്രിവത്സര എൽഎൽ.ബി കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള രണ്ടാമത്തെയും അവസാനത്തെയും കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **20.07.2019 (ശനിയാഴ്ച)** ആരംഭിച്ചു.

ഒന്നാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച് കോളേജുകളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് അവരുടെ നിലവിലെ ഹയർ ഓപ്ഷനുകൾ രണ്ടാം ഘട്ട അലോട്ട്മെന്റിൽ പരിഗണിക്കപ്പെടേണ്ടതുണ്ടെങ്കിൽ നിർബന്ധമായും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ വിദ്യാർത്ഥിയുടെ ഹോം പേജിൽ പ്രവേശിച്ച് '**confirm**' ബട്ടൺ അമർത്തി **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നടത്തേണ്ടതാണ്. ഒന്നാം ഘട്ടത്തിൽ അലോട്ട്മെന്റൊന്നും ലഭിക്കാത്ത വിദ്യാർത്ഥികളും രണ്ടാം ഘട്ട അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടണമെന്നുണ്ടെങ്കിൽ മേൽ പറഞ്ഞ രീതിയിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തിയിരിക്കണം. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് വിദ്യാർത്ഥികൾക്ക് അവരുടെ നിലവിലെ ഹയർ ഓപ്ഷനുകൾ പുന.ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്ത ഓപ്ഷനുകൾ റദ്ദ് ചെയ്യുന്നതിനും **20.07.2019** മുതൽ **24.07.2019 ഉച്ചയ്ക്ക് 1 മണി** വരെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. **നിശ്ചിത സമയത്തിനുള്ളിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും ഈ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. എന്നാൽ** ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്ത വിദ്യാർത്ഥികൾക്ക് ഒന്നാം ഘട്ടത്തിൽ പ്രവേശനം ലഭിച്ചിട്ടുണ്ടെങ്കിൽ അത് നിലനിർത്തുന്നതായിരിക്കും. നേരിട്ടോ തപാൽ/ഫാക്സ്/ഇ–മെയിൽ മുഖാന്തിരമോ ഉള്ള ഓപ്ഷൻ കൺഫർമേഷൻ/ഹയർ ഓപ്ഷൻ പുന:ക്രമീകരണം/റദ്ദാക്കൽ എന്നിവയ്ക്കുള്ള അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**രണ്ടാം ഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| **20.07.2019** | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ, ഹയർ ഓപ്ഷൻ പുന.ക്രമീകരണം, റദ്ദാക്കൽ എന്നിവയ്ക്കുള്ള സൗകര്യം വെബ്സൈറ്റിൽ ലഭ്യമാകുന്നു. |
| **24.07.2019, 1 pm** | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ, ഹയർ ഓപ്ഷൻ പുന.ക്രമീകരണം, റദ്ദാക്കൽ എന്നിവയ്ക്കുള്ള സൗകര്യം അവസാനിക്കുന്നു. |
| **24.07.2019** | **രണ്ടാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| **25.07.2019 - 27.07.2019, 4 pm** | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഫീസ് ഒടുക്കേണ്ടതുണ്ടെങ്കിൽ അത് ഓൺലൈനായോ, തിരഞ്ഞെടുക്കപ്പെട്ട ഹെഡ് പോസ്റ്റോഫീസ് വഴിയോ ഒടുക്കിയ ശേഷം അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടണം. ബാക്കി ഫീസ് പ്രവേശന സമയത്ത് കോളേജിൽ ഒടുക്കേതാണ്. |
| **27.07.2019 വൈകുന്നേരം 5–ന്** | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ കോളേജ് പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന അംഗീകരിച്ച് നൽകണം. |
| **29.07.2019** | ക്ലാസ്സുകൾ ആരംഭിക്കുന്നു. |

സർക്കാർ ലോ കോളേജുകളിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ മുഴുവൻ ഫീസ് തുകയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേതാണ്. സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 5,000/– രൂപ പ്രവേശന പരീക്ഷാ കമ്മീഷണർക്കും ബാക്കി ട്യൂഷൻ ഫീസ്, മറ്റു ഫീസ്, ഡെപ്പോസിറ്റ് എന്നിവ അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ തന്നെ അഡ്മിഷൻ സമയത്ത് ഒടുക്കേ താണ്. വാർഷിക ട്യൂഷൻ ഫീസ്, മറ്റു ഫീസ്, ഡെപ്പോസിറ്റ് എന്നിവ പ്രതിപാദിക്കുന്ന സർക്കാർ ഉത്തരവ് വെബസൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളത് പരിശോധിക്കുക.

**<u>ഫീസിളവ്:</u>**

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി/മത്സ്യത്തൊഴിലാളികളുടെ മക്കൾ/ ഒ.ഇ.സി–ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ/ 20.06.2005 തീയതിയിലെ GO(Ms) No. 25/2005/SCSTDD നം. സർക്കാർ ഉത്തരവ് പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികൾ എന്നിവരും ശ്രീ.ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികളും ഫീസ് ഒടുക്കേതില്ല.

അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് പ്രോസ്പെക്ടസ് ക്ലോസ് **6**–ൽ പറയുന്ന യോഗ്യതകൾ നേടിയിരിക്കണം.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

1. **<u>രണ്ടാംഘട്ട അലോട്ട്മെന്റിനെ തുടർന്ന് നിർദ്ദിഷ്ട തീയതികളിൽ കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. തുടർന്ന് ഓൺലൈൻ അലോട്ട്മെന്റുകൾ ഉണ്ടെങ്കിൽ ഇവരെ പരിഗണിക്കുന്നതല്ല.</u>**
2. രണ്ടാം ഘട്ട അലോട്ട്മെന്റിൽ ഹയർ ഓപ്ഷനിലേക്ക് അലോട്ട്മെന്റ് മാറ്റം ലഭിക്കുന്ന വർ നിലവിൽ പ്രവേശനം നേടിയിരിക്കുന്ന കോളേജിൽ നിന്നും ടി.സിയും അനു ബന്ധ രേഖകളും കോളേജിൽ പ്രവേശനം നേടിയ സമയത്ത് അടച്ച തുകയും തിരികെ വാങ്ങി പുതിയ കോളേജിൽ നിർദ്ദിഷ്ട തീയതികളിൽ തന്നെ പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം അവർക്ക് ഒന്നാം ഘട്ടത്തിൽ ലഭിച്ച അഡ്മിഷനും നഷ്ടപ്പെടുന്നതാണ്.
3. അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടാൻ താത്പര്യമില്ലാത്ത കോളേജുകളിലേക്ക്/ കോഴ്സുകളിലേയ്ക്ക് അനാവശ്യമായി ഓപ്ഷനുകൾ നിലനിർത്താൻ പാടില്ല.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **<u>www.cee-kerala.org</u>** എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104, 2332123**

Seetha

തിരുവനന്തപുരം **പ്രവേശന പരീക്ഷാ കമ്മീഷണർ**

20.07.2019